**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 791** **09-08-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ നിയമനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സംഘങ്ങളെ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരളത്തിൽ സഹകരണ മേഖല എല്ലാ ജനങ്ങളെയും ഉൾക്കൊള്ളുന്ന രീതിയിൽ സമസ്ത മേഖലയിലേക്ക് വളർന്നത് സംസ്ഥാന നിയമത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ ഇടപെടലുകളുടെ ഭാഗമായിട്ടാണ്. സംസ്ഥാന നിയമം പാസാക്കിയിരിക്കുന്നത് സഹകരണ സംഘങ്ങളുടെ ജനാധിപത്യ സംവിധാനം അരക്കിട്ടുറപ്പിക്കുക, സഹകരണ സംഘങ്ങളുടെ സ്വയംഭരണം ഉറപ്പുവരുത്തുക, സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾ വായ്പയായി അനുവദിച്ച് സമൂഹത്തിന്റെ താഴെ തട്ടിലുള്ളവരുടെ വരെ ഉന്നമനം ഉറപ്പുവരുത്തുക, നിക്ഷേപങ്ങൾ ഫലപ്രദമായി വിനിയോഗിച്ച് സഹകരണ സ്ഥാപനങ്ങളുടെ വികസനം ഉറപ്പുവരുത്തി സഹകരണ മേഖലയെ പുഷ്ടിപ്പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടിയാണ്. സംസ്ഥാനത്ത് സഹകരണ മേഖല പ്രവർത്തനങ്ങളിലും ലക്ഷ്യത്തിലും വൈവിധ്യപൂർണ്ണമായ സമീപനങ്ങളാണ് സ്വീകരിച്ചുവരുന്നത്. അതിന്റെ ഗുണഫലങ്ങൾ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളും അനുഭവിക്കുന്നുണ്ട്.<br><br>Multi State Co-operative Societies (Amendment) കരട് നിയമത്തിലെ ആറാം ഖണ്ഡിക പ്രകാരമുള്ള ഭേദഗതിയിലൂടെ വകുപ്പ് 17 Amalgamation or Transfer of assets and liabilities, or division of multi state co-operative societies എന്നതിൽ ഉപ വകുപ്പ് (10) കൂട്ടിച്ചേർത്തുകൊണ്ട് ഏത് സംസ്ഥാന സഹകരണ നിയമപ്രകാരവും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിലെ പൊതുയോഗത്തിൽ പങ്കെടുത്ത് വോട്ട് ചെയ്ത മൂന്നിൽ രണ്ട് ഭൂരിപക്ഷം അംഗങ്ങളുടെ തീരുമാനപ്രകാരം നിലവിൽ സംസ്ഥാന നിയമപ്രകാരം പ്രവർത്തിക്കുന്ന ഒരു |

| | | | |
|---|---|---|---|
| | | | സംഘത്തെ ഒരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേക്ക് കൂട്ടിച്ചേർക്കുന്നതിന് (Merger) വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ വ്യവസ്ഥയുടെ ക്ലിഷ്ട നിബന്ധന ആയി സംസ്ഥാന നിയമത്തിലെ Merger സംബന്ധിച്ച വ്യവസ്ഥ പ്രകാരവും ഇത്തരം കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഭേദഗതിയിലൂടെ ഏത് സംസ്ഥാന നിയമപ്രകാരവും രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഏതൊരു സംഘത്തിനേയും പൊതുയോഗ തീരുമാനപ്രകാരം മറ്റൊരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേയ്ക്ക് കൂട്ടിചേർക്കുന്നതിന് കഴിയുന്നതാണ്. ഈ വ്യവസ്ഥ ഭരണഘടന തത്വങ്ങളുടെയും ഫെഡറൽ തത്വങ്ങളുടെയും വ്യക്തമായ ലംഘനമാണ്.<br><br>ഇന്ത്യൻ ഭരണഘടന പ്രകാരം സംസ്ഥാന വിഷയത്തിൽപ്പെടുന്ന സഹകരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നടത്തിട്ടുള്ള ഡേറ്റാ കളക്ഷൻ പൊതു ബൈലോ, സഹകരണ നയം, ഇൻകംടാക്സ് ആക്ടിലെ ഭേദഗതികൾ ബാങ്കിംഗ് റെഗുലേഷൻ ആക്ടിൽ വരുത്തിട്ടുള്ള ഭോദഗതികൾ എന്നിവ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാടുകളും അഭിപ്രായങ്ങളും കാലാകലങ്ങിൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ടി വിഷയങ്ങളുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയിൽ സ്യൂട്ട് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും വ്യക്തമായ മറുപടി ലഭിച്ചിട്ടില്ല. |
| (ബി) | അത്തരത്തിൽ നിയമനിർമ്മാണം നടപ്പിലാക്കിയാൽ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ഏത് തരത്തിലാണ് ബാധിക്കുക എന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | 2012ലെ 97-ാം ഭരണഘടന ഭേദഗതിയിലൂടെ ഒൻപത് ബി എന്ന ഒരു വ്യവസ്ഥ ഭരണഘടനയിൽ ഉൾപ്പെടുത്തുകയുണ്ടായി. ആർട്ടിക്കിൾ 243 ZH മുതൽ 243 ZT വരെയുള്ള വ്യവസ്ഥകൾ സഹകരണ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനായി പ്രസ്തുത ഭരണഘടന ഭേദഗതിയിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ബഹു: സുപ്രീംകോടതി ഈ വിഷയം പരിശോധിക്കുകയും 97-ാം ഭരണഘടന ഭേദഗതി റദ്ദാക്കുകയും ചെയ്തു. ഇന്ത്യൻ ഭരണഘടന ക്വോസി ഫെഡറൽ ആയതിനാലും, സംസ്ഥാനങ്ങൾക്ക് ഭരണഘടന അനുവദിച്ച നൽകിയിട്ടുള്ള വിഷയങ്ങളിൽ നിയമഭേദഗതി നടത്തുവാൻ സംസ്ഥാനങ്ങൾക്ക് അധികാരമുള്ളതിനാലും ഭരണഘടന ഭേദഗതി നിയമവിരുദ്ധമായി സുപ്രീംകോടതി പ്രഖ്യാപിച്ചിരിക്കുന്നു. സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. സഹകരണ സംഘങ്ങളുടെ നിയന്ത്രണാധികാരി |

| | | | |
|---|---|---|---|
| | | | സഹകരണ സംഘം രജിസ്ട്രാറാണ്. സംസ്ഥാനത്ത് നല്ല രീതിയിൽ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.<br><br>എന്നാൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ പ്രവർത്തനം സംസ്ഥാനങ്ങളിലൂടെ വ്യാപിച്ച് ഒരു സമാന്തര സഹകരണ സംവിധാനം നടപ്പിലാക്കുന്നതിനാണ് പുതിയ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിസ് (ഭേദഗതി) യിലൂടെ ലക്ഷ്യമിടുന്നത്. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും നിക്ഷേപ വായ്പ പലിശ നിരക്ക് ക്രമീകരിക്കുന്നതിനും ഒരു സംവിധാനം നിലവിലില്ല. അമിത പലിശ വാഗ്ദാനം ചെയ്ത് നിക്ഷേപകരെ ആകർഷിക്കുകയും നിക്ഷേപങ്ങൾ വ്യവസ്ഥാപിതമല്ലാത്ത മാർഗ്ഗങ്ങളിലൂടെ വിനിയോഗിക്കുകയും ചെയ്യുന്നത് നിയന്ത്രിക്കുന്നതിനോ ക്രമീകരിക്കുന്നതിനോ ഒരു സംവിധാനം നിലവിലില്ല. സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് സിംഹ ഭാവവും സംഭാവന ചെയ്യുന്ന സഹകരണ മേഖലയ്ക്ക് സമാന്തരമായി ഒരു സംവിധാനം വികസിപ്പിക്കുന്നതിനാണ് നിയമ ഭേദഗതി ലക്ഷ്യം വെക്കുന്നത്. സഹകരണ സ്ഥാപനങ്ങളുടെ രൂപീകരണം നിയന്ത്രണം സമാപ്തീകരണം എന്നിവ ഒരു സംസ്ഥാന വിഷയമായിരിക്കെ പ്രസ്തുത ഭരണഘടന വ്യവസ്ഥ പ്രകാരം പാസാക്കിയ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള സംഘങ്ങളുടെ പ്രവർത്തനത്തിന് ബദലായി മറ്റൊരു സ്ഥാപനം വരുന്നത് ഫെഡറൽ തത്വങ്ങൾക്ക് തികച്ചും വിരുദ്ധമാണ്. |

സെക്ഷൻ ഓഫീസർ